## കേരള സർക്കാർ

## സംഗ്രഹം

ത.സ്വ.ഭ.വ - വർക്കിംഗ് ഗ്രൂപ്പ് - ഗ്രാമവികസന വകുപ്പിലെ ഇ-ഗവർണൻസ് സംരംഭങ്ങളുടെ ആധുനികവൽക്കരണവും മെച്ചപ്പെടുത്തലും (Modernization and Strengthening of e-Governance initiatives in Rural Development Department)എന്ന പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ)/1980/2017/ത.സ്വ.ഭ.വ തിരുവനന്തപുരം,തീയതി, 15/06/2017

പരാമർശം:- 1. ഗ്രാമവികസന കമ്മീഷണറുടെ 23.05.2017 തീയതിയിലെ 517 /പി.& എം.1/17/സിആർഡി നമ്പർ കത്ത്.

2. 03.06.16-ൽ കൂടിയ ഡിപ്പാർട്ട്മെന്റൽ വർക്കിങ് ഗ്രൂപ്പ് കമ്മിറ്റി യോഗത്തിന്റെ നടപടിക്രമം.

## ഉത്തരവ്

ഗ്രാമവികസന വകുപ്പിലെ ഇ-ഗവർണൻസ് സംരംഭങ്ങൾ ശക്തിപ്പെടുത്തുന്നതിലേക്കായി ഗ്രാമവികസന കമ്മീഷണറേറ്റിലെയും ജില്ലാതല ഓഫീസുകളിലെയും മറ്റ് ഓഫിസുകളിലെയും ഇതുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ വാങ്ങലിനും ആധുനികവൽക്കരണത്തിനുമായി നടപ്പുവർഷത്തെ ബഡ്ജറ്റിൽ 100 ലക്ഷം രൂപ 'ഗ്രാമവികസന വകുപ്പിലെ ഇ-ഗവർണൻസ് സംരംഭങ്ങളുടെ ആധുനികവൽക്കരണവും മെച്ചപ്പെടുത്തലും' എന്ന പദ്ധതിക്ക് കീഴിൽ വകയിരുത്തിയിട്ടുണ്ട്. 2016 മുതൽ ഗ്രാമവികസന കമ്മീഷണറേറ്റിൽ നടപ്പിലാക്കിയ ഇ-ഓഫീസ് സംവിധാനം ജില്ലാതല ഓഫീസുകളിലേക്കും ബ്ലോക്ക് ഓഫീസുകളിലേക്കും വ്യാപിപ്പിക്കൽ, റെക്കോർഡ് റൂമുകളുടെ ഡിജിറ്റൽവൽക്കരണം,കമീഷണറേറ്റിൽ ഐ.ടി.സെൽ സ്ഥാപിക്കൽ എന്നിവ പദ്ധതിയുടെ ഭാഗമായി നടപ്പാക്കാൻ ലക്ഷ്യമിടുന്നു. ഇതിലേക്കാവശ്യമായ പുതിയ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും,കണക്ടിവിറ്റിക്കും നെറ്റ്‌വർക്കിനും ആവശ്യമായ ഉപകരണങ്ങൾ, കൺസ്യൂമബിൾസ് എന്നിവ വാങ്ങുന്നതിനും വാർഷിക പരിപാലന ചെലവുകൾ,ജീവനക്കാരുടെ പരിശീലനം,ആവശ്യമായ സപ്പോർട്ടിങ് ജീവനക്കാരുടെ ചെലവുകൾ എന്നിവ വഹിക്കുന്നതിനുമായാണ് പ്രസ്തുത തുക വകയിരുത്തിയിരിക്കുന്നത്. ടി പദ്ധതിക്ക് ആവശ്യമായ ഭരണാനുമതിയും സാമ്പത്തികാനുമതിയും ലഭ്യമാക്കുന്നതിന് പരാമർശ കത്ത് മുഖാന്തിരം ഗ്രാമവികസന കമ്മീഷണർ ആവശ്യപ്പെടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പദ്ധതി നിർവ്വഹണം സംബന്ധിച്ച് വിവരസാങ്കേതിക വകുപ്പിന്റെ അഭിപ്രായത്തിന്റെയും നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾളുടെയും അടിസ്ഥാനത്തിലായിരിക്കണമെന്ന നിബന്ധനയോടെ, ഗ്രാമവികസന വകുപ്പിലെ ഇ-ഗവർണൻസ് സംരംഭങ്ങളുടെ ആധുനികവൽക്കരണവും മെച്ചപ്പെടുത്തലും (Modernization and Strengthening of e-Governance initiatives in Rural Development Department)എന്ന പദ്ധതി 100 ലക്ഷം രൂപ(നൂറ് ലക്ഷം രൂപ മാത്രം) ചെലവിൽ നിർവ്വഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3. ഇതിലേക്കാവശ്യമായ ചെലവ് 2515-00-001-44 എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാൻ**

**സെക്രട്ടറി**

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
3. അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരളം, തിരുവനന്തപുരം.
4. സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം.
5. ധനകാര്യ വകുപ്പ്.
6. തദ്ദേശ സ്വയംഭരണ (എഫ്.എം.)വകുപ്പ്.
7. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.
8. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ